REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 25-08-2025** **സമയം 06.45 am**

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഗുജറാത്ത് സന്ദർശനം ഇന്ന് ആരംഭിക്കും.**
- **സപ്ലൈകോ ഓണം ഫെയർ വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു.**
- **ഓണാഘോഷത്തിന് തുടക്കം കുറിച്ച് നാളെ അത്തം.**
- **കേരള ക്രിക്കറ്റ് ലീഗിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനും, കൊച്ചി ബ്ലൂ ടൈഗേഴ്സിനും ജയം.**

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഗുജറാത്ത് സന്ദർശനം ഇന്ന് ആരംഭിക്കും. വൈകിട്ട് അഹമ്മദാബാദിൽ 5,400 കോടി രൂപയുടെ വികസന പദ്ധതികൾ അദ്ദേഹം നാടിന് സമർപ്പിക്കും. നാളെ അഹമ്മദാബാദ് ഹൻസാൽപൂരിൽ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രോഡുകളുടെ ഉത്പാദനവും, നൂറ് രാജ്യങ്ങളിലേക്ക് വൈദ്യുതിവാഹന കയറ്റുമതി പദ്ധതിയും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. 1,400 കോടി രൂപയുടെ റെയിൽവെ പദ്ധതികളും അദ്ദേഹം രാജ്യത്തിന് സമർപ്പിക്കും.**

✪✪✪

**ലോകം അസ്ഥിരതയിലൂടെ കടന്നുപോകുന്ന ഘട്ടത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ഇന്ത്യക്ക് മികച്ച അവസരമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. അഹമ്മദാബാദിൽ സർദാർധാം ഫേസ്-2 ഗേൾസ് സ്കൂൾ ഹോസ്റ്റൽ ഉദ്ഘാടന ചടങ്ങിനെ വെർച്ച്വൽ ആയി**

അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വരും തലമുറകൾക്ക് മികച്ച ഭാവി ഉറപ്പാക്കാൻ മെയ്ക്ക് ഇൻ ഇന്ത്യ ഉൽപ്പന്നങ്ങൾ ഉപയോഗിക്കാൻ പ്രധാനമന്ത്രി യുവജനങ്ങളെ ആഹ്വാനം ചെയ്തു. യുവജനങ്ങളെ ശാക്തീകരിച്ച് നൈപുണ്യവികസനം ഉറപ്പുവരുത്തുന്നതിന് കേന്ദ്രഗവൺമെന്റ് പ്രതിജ്ഞാ ബദ്ധമാണെന്നും നരേന്ദ്രമോദി പറഞ്ഞു. കേന്ദ്രമന്ത്രി അമിത്ഷാ ഹോസ്റ്റൽ കെട്ടിടം വെർച്ച്വലായി ഉദ്ഘാടനം ചെയ്തു.

✪✪✪

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക പിൻവലിക്കാൻ അവസാന തീയതി ഇന്നാണ്. NDA സ്ഥാനാർത്ഥി മഹാരാഷ്ട്ര ഗവർണർ C.P രാധാകൃഷ്ണനും, I.N.D.I. സഖ്യ സ്ഥാനാർത്ഥി മുൻ സുപ്രീം കോടതി ജഡ്ജി B സുദർശൻ റെഡ്ഡിയും തമ്മിലാണ് മത്സരം. അടുത്ത മാസം ഒൻപതിനാണ് വോട്ടെടുപ്പും വോട്ടെണ്ണലും.

✪✪✪

2047 ഓടെ ലോകത്തെ മികച്ച അഞ്ച് കായിക രാജ്യങ്ങളിൽ ഒന്നായി മാറാൻ ഇന്ത്യ ലക്ഷ്യമിടുന്നതായി കേന്ദ്ര മന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ അറിയിച്ചു. അഹമ്മദാബാദിൽ കോമൺവെൽത്ത് വെയ്റ്റ് ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ഡോ. മാണ്ഡവ്യ.

✪✪✪

കേന്ദ്ര വ്യവസായ സുരക്ഷാ സേന ആദ്യമായി സമ്പൂർണ വനിതാ കമാൻഡോ യൂണിറ്റിന് തുടക്കമിട്ടു. 30 വനിതകൾ ഉൾപ്പെടുന്ന യൂണിറ്റിന്റെ പരിശീലനം മധ്യപ്രദേശിലെ ബർവാഹ കേന്ദ്രത്തിൽ പുരോഗമിക്കുകയാണ്. ഇവരെ ദ്രുതപ്രതികരണ സംഘത്തിലും, പ്രത്യേക ദൗത്യസേനയിലും ഉൾപ്പെടുത്തി അതീവസുരക്ഷ ആവശ്യമായ പ്രദേശങ്ങളിൽ വിന്യസിക്കും. സേനയിലെ ലിംഗസമത്വം ഉറപ്പാക്കുകയാണ് വനിതാ കമാൻഡോ യൂണിറ്റിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

ഇന്ന് ദേശീയ നേത്രദാന പക്ഷാചരണത്തിന് തുടക്കമാകും. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ആഗസ്റ്റ് 25 ന് എല്ലാ വർഷവും നേത്രദാന പക്ഷാചരണം ആരംഭിക്കുന്നത്. നേത്രദാനത്തെ കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ രാജ്യമെങ്ങും ആരോഗ്യപ്രവർത്തകരുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ സെപ്റ്റംബർ എട്ട് വരെ നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

സപ്ലൈകോ ഓണം ഫെയർ വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം കിഴക്കേകോട്ടയിലെ E.K നായനാർ പാർക്കിൽ ഉദ്ഘാടനം ചെയ്യും. സപ്ലൈകോ സബ്സിഡി-നോൺസബ്സിഡി ഉത്പന്നങ്ങൾക്കു പുറമെ കൈത്തറി, കുടുംബശ്രീ, മിൽമ ഉത്പന്നങ്ങളും, പച്ചക്കറിയും പ്രത്യേക സ്റ്റാളുകളിൽ ലഭ്യമാവും. കരകുളം സർവ്വീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ കാസ്ക്കോ വില്ലേജിൽ നിന്നും വിളവെടുത്ത ജൈവ പച്ചക്കറി ഉത്പന്നങ്ങളാണ് ചന്തയിൽ ലഭ്യമാക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)

ഓണത്തിന് സപ്ലൈകോ 25,000 ടണ്ണോളം ഭക്ഷ്യധാന്യങ്ങൾ സംഭരിച്ചിട്ടുണ്ട്. ഓണക്കാലത്ത് നൽകി വരുന്ന 8 കിലോ സബ്സിഡി അരിയ്ക്കു പുറമെ കാർഡൊന്നിന് 20 കിലോ പച്ചരിയോ, പുഴുക്കലരിയോ 25 രൂപ നിരക്കിൽ സ്പെഷ്യൽ അരിയായി നൽകും. സബ്സിഡി നിരക്കിൽ നൽകുന്ന മുളകിന്റെ അളവ് അരക്കിലോയിൽ നിന്നും ഒരു കിലോയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

250 ൽ അധികം ബ്രാൻഡഡ് നിത്യോപയോഗ സാധനങ്ങൾക്ക് ഓഫറുകളും വിലക്കുറവും ഉണ്ടായിരിക്കും. സെപ്റ്റംബർ നാല് വരെയാണ് ജില്ലാ ഫെയറുകൾ. എല്ലാ നിയോജക മണ്ഡലങ്ങളിലും ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 4 വരെ പ്രധാന വിൽപ്പന കേന്ദ്രത്തോട് അനുബന്ധിച്ച് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ സഞ്ചരിക്കുന്ന ഓണച്ചന്തകളും ഉണ്ടായിരിക്കും. സാധാരണയിൽ നിന്ന് വ്യത്യസ്തമായി ഈ വർഷം സഞ്ചരിക്കുന്ന ഓണച്ചന്തകൾ മുഖേന മിതമായ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ കൂടാതെ സബ്സിഡി ഉല്പന്നങ്ങളും ലഭിക്കും.

ജൂലൈ മാസത്തിൽ 168 കോടി രൂപയുടെ വിറ്റുവരവാണ് സപ്ലൈകോയ്ക്ക് ഉണ്ടായത്. ഈ മാസം 50 ലക്ഷം ഉപഭോക്താക്കളേയും, 300 കോടി രൂപയുടെ വിറ്റുവരവുമാണ് പ്രതീക്ഷിക്കുന്നത്. ഓണം പ്രമാണിച്ച് ഉപഭോക്താക്കൾക്ക് സെപ്റ്റംബർ മാസത്തെ സബ്സിഡി സാധനങ്ങൾ മുൻകൂറായി ആഗസ്റ്റ് 25 മുതൽ വാങ്ങുന്നതിന് അവസരവും ഒരുക്കിയിട്ടുണ്ട്.

✪✪✪

സപ്ലൈകോയുടെ കാസർകോട് ജില്ലാതല ഓണം ഫെയർ നാളെ കാഞ്ഞങ്ങാട്ട് മന്ത്രി A.K ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സൺ KV സുജാത ആദ്യ വില്പന നടത്തും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണി 'മൻ കീ ബാത്' പരിപാടി ഈ മാസം 31-ന് രാവിലെ 11-ന് പ്രക്ഷേപണം ചെയ്യും. പരിപാടിയിലേക്ക്

ആശയങ്ങളും, അഭിപ്രായങ്ങളും ഈ മാസം 29 വരെ ടോൾഫ്രീ നമ്പരിലും, നരേന്ദ്രമോദി മൊബൈൽ ആപ്ലിക്കേഷനിലും, MyGov ഓപ്പൺ ഫോറത്തിലും പങ്കുവെയ്ക്കാം.

✪✪✪

ഓണാഘോഷത്തിന് തുടക്കം കുറിച്ച് നാളെ അത്തം. ഓണത്തിന്റെ ആർപ്പിനും ആരവത്തിനും നാളെ തുടക്കമാകും. തൃപ്പൂണിത്തുറയിലെ അത്തച്ചമയവും നാളെയാണ്. അത്തം മുതൽ വീട്ടുമുറ്റങ്ങളിൽ പൂക്കളം തീർത്തും, കോലം വരച്ചും മലയാളികൾ മാവേലി മന്നനെ വരവേൽക്കാൻ ഒരുങ്ങിക്കഴിഞ്ഞു.

✪✪✪

കേരളത്തിലെ മികച്ച കലാലയ മാഗസിനുകൾക്ക് മുഖ്യമന്ത്രിയുടെ ട്രോഫിയും പുരസ്കാരവും ഇന്ന് സമ്മാനിക്കും. പാലക്കാട് ഗവ. വിക്ടോറിയ കോളേജ് പ്രസിദ്ധീകരിച്ച 'തുരുത്ത്' എന്ന മാഗസിനാണ് 2023-24 വർഷത്തിലെ മുഖ്യമന്ത്രിയുടെ ട്രോഫിയും 25,000 രൂപയും അടങ്ങുന്ന ഒന്നാം സമ്മാനം. വിക്ടോറിയ കോളേജിൽ മന്ത്രി M.B രാജേഷ് പുരസ്കാരം വിതരണം ചെയ്യും.

✪✪✪

വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി 'വിജ്ഞാന ആലപ്പുഴ സ്കില്ലിംഗ് ഇനിഷ്യേറ്റീവ്' പരിപാടി മന്ത്രി സജി ചെറിയാൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ആലപ്പുഴ S D കോളേജിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ വിവിധ കോളജുകളിലെ പ്രതിനിധികൾ പങ്കെടുക്കുന്ന ഗ്രൂപ്പ് ചർച്ചകളും വിഷയാവതരണങ്ങളും ഉണ്ടാകും.

✪✪✪

ചാലക്കുടി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ചു നിർമ്മിച്ച മൂന്ന് സ്കൂൾ കെട്ടിടങ്ങൾ ഇന്ന് മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. രണ്ടുകൈ ഗവ. ട്രൈബൽ സ്കൂൾ കെട്ടിടവും, ചാലക്കുടി ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ VHSE കെട്ടിടവും, വിജയരാഘവപുരം ഗവ. ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടവുമാണ് മന്ത്രി ഉദ്ഘാടനം ചെയ്യുന്നത്.

✪✪✪

തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിനായി 'സ്മാർട്ട്' എന്ന പേരിൽ സംസ്ഥാന സാക്ഷരത മിഷൻ പുതിയ പദ്ധതി നടപ്പിലാക്കും. വയനാട് ജില്ലയിലാണ് പദ്ധതി ആദ്യം നടപ്പാക്കുന്നത്. മന്ത്രി O.R കേളു കണിയാമ്പറ്റ ജില്ലാ പഞ്ചായത്ത് പരിശീലന കേന്ദ്രത്തിൽ സംസ്ഥാനതല പരിപാടി ഇന്ന് ഉദ്ഘാടനം ചെയ്യും. തുല്യതാ പഠിതാക്കൾക്ക് ഓഫീസ് മാനേജ്മെന്റ്,

കമ്പ്യൂട്ടർ എന്നിവയിൽ പ്രവീണ്യം നൽകി, തൊഴിൽ പര്യാപ്തരാക്കാൻ ആറ് മാസത്തെ കോഴ്സാണ് ആരംഭിക്കുന്നത്.

✪✪✪

മാലിന്യമുക്ത നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി തൃശൂർ അടാട്ട് ഗ്രാമപഞ്ചായത്തിലെ നവീകരിച്ച മാലിന്യ സംസ്കരണ പ്ലാന്റ് മന്ത്രി M.B രാജേഷ് ഉദ്ഘാടനം ചെയ്തു. കേരളത്തിൽ ഇപ്പോൾ 1,034 തദ്ദേശ സ്ഥാപനങ്ങളിൽ 1,020 ഇടത്തും സ്വന്തമായി മാലിന്യ സംഭരണ കേന്ദ്രങ്ങൾ ഉണ്ടെന്ന് മന്ത്രി അറിയിച്ചു.

✪✪✪

ക്ഷീര കർഷക ബോർഡിന്റെ 'ഓണം മധുരം' പദ്ധതി കോട്ടയത്ത് മന്ത്രി J ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ വർഷം ക്ഷീര സംഘങ്ങളിൽ പാലളന്ന കർഷകർക്ക് 300 രൂപ നൽകിയ സ്ഥാനത്ത്, ഇത്തവണ 500 രൂപ വീതമാണ് പദ്ധതിയിൽ നൽകുന്നത്.

✪✪✪

പാലക്കാട് ജില്ലയിലെ കുത്തന്നൂർ ഗ്രാമപഞ്ചായത്ത് , കുടുംബശ്രീ എന്നിവയ്ക്കായി നിർമ്മിച്ച കെട്ടിടങ്ങൾ വൈകീട്ട് മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും. 55 ലക്ഷം രൂപ ചെലവിലാണ് കെട്ടിടങ്ങൾ നിർമ്മിച്ചത്.

✪✪✪

സംസ്ഥാനത്ത് ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. വയനാട് സ്വദേശിയായ യുവാവിനാണ് രോഗം ബാധിച്ചത്. ഇയാൾ സ്വിമ്മിംഗ് പൂളിൽ കുളിച്ചിരുന്നു. നിലവിൽ മെഡിക്കൽ കോളജിൽ ചികിൽസയിൽ കഴിയുന്നവരുടെ എണ്ണം ഇതോടെ എട്ടായി. മലപ്പുറം സ്വദേശികളായ മൂന്ന് പേരും കോഴിക്കോട് സ്വദേശികളായ മൂന്ന് പേരും, വയനാട് സ്വദേശികളായ രണ്ട് പേരുമാണ് ചികിൽസയിൽ കഴിയുന്നത്.

✪✪✪

തിംഫുവിൽ സാഫ് അണ്ടർ 17 വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ അനുഷ്ക കുമാരി ഹാട്രിക് നേടി. ഭൂട്ടാനെ മറുപടിയില്ലാത്ത എട്ടു ഗോളിനാണ് ഇന്ത്യ തോൽപ്പിച്ചത്. മൂന്ന് മത്സരങ്ങളിൽ നിന്ന് ഒമ്പത് പോയിന്റുകളുമായി ഇന്ത്യ പട്ടികയിൽ ഒന്നാമതാണ്.

✪✪✪

ലോക യൂത്ത് ആർച്ചറി ചാമ്പ്യൻഷിപ്പിൽ ഷർവാരി സോമനാഥ് ഷിൻഡെ അണ്ടർ-18 വനിതാ വ്യക്തിഗത റീകർവ് ഇനത്തിൽ സ്വർണം സ്വന്തമാക്കി. കാനഡയിലെ വിന്നിപെഗിൽ സ്വർണം നേടുന്ന രണ്ടാമത്തെ താരമാണ്

ഷർവാരി. നേരത്തെ ചികിത താനിപർത്തി അണ്ടർ -21 കോമ്പൗണ്ട് വ്യക്തിഗത സ്വർണം നേടിയിരുന്നു.

✪✪✪

കേരള ക്രിക്കറ്റ് ലീഗിൽ ഇന്നലെ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസും, കൊച്ചി ബ്ലൂ ടൈഗേഴ്സും വിജയിച്ചു. ആദ്യമത്സരത്തിൽ ട്രിവാൻഡ്രം റോയൽസിനെ ഏഴു വിക്കറ്റിനാണ് കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ് തോൽപ്പിച്ചത്. രണ്ടാം മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ്, കൊല്ലം സെയ്‌ലേഴ്സിനെ നാല് വിക്കറ്റിനും തോൽപ്പിച്ചു. മൂന്നു മത്സരം വിജയിച്ച കൊച്ചി ആറു പോയിന്റുമായി ഒന്നാം സ്ഥാനത്താണ്.

✪✪✪

കോഴിക്കോട് കാപ്പാട് കടപ്പുറത്ത് മാസപ്പിറവി കണ്ടതിന്റെ അടിസ്ഥാനത്തിൽ നബിദിനം സെപ്റ്റംബർ അഞ്ചിനായിരിക്കുമെന്ന് മുസ്ലീം സംഘടനാ നേതാക്കൾ അറിയിച്ചു. സമസ്ത കേരള ജം ഇയ്യത്തുൽ ഉലമ പ്രസിഡണ്ട് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങളും, സമസ്ത ജനറൽ സെക്രട്ടറി പ്രൊഫ. K ആലിക്കുട്ടി മുസ്‌ലിയാരും, ഖാസിമാരും അറിയിച്ചതാണിത്.

✪✪✪

നബിദിനം പ്രമാണിച്ച് സംസ്ഥാനത്ത് രണ്ടര ലക്ഷത്തോളം വൃക്ഷത്തൈകൾ നടുമെന്ന് ദക്ഷിണ കേരള ജം ഇയ്യത്തുൽ ഉലമ സംസ്ഥാന ജനറൽ സെക്രട്ടറി തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി അറിയിച്ചു.

✪✪✪

നിലമ്പൂർ ബൈപ്പാസ് ഒന്നാം ഘട്ട നിർമ്മാണത്തിന് 35 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭിച്ചു. സംസ്ഥാന പാതയിലെ KNG റോഡ് ജ്യോതിപ്പടി മുതൽ ചക്കാലകുത്ത് വരെ രണ്ടര കിലോമീറ്ററോളം റോഡിന്റെ പ്രവൃത്തിക്കാണ് അനുമതി ലഭിച്ചത്.

✪✪✪

ഏലംകുളം ഗ്രാമ പഞ്ചായത്ത് വയോജനങ്ങൾക്കായി നിർമ്മിച്ച 'പകൽ വീട്' രാവിലെ മന്ത്രി V.അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്യും. മുതിർന്ന പൗരൻമാർക്ക് ഒത്തുകൂടാനും, വിനോദത്തിനും, മാനസികോല്ലാസത്തിനും അവസരം ഒരുക്കുകയുമാണ് പകൽവീടിന്റെ ലക്ഷ്യം.

✪✪✪

---

*News Editor : വി. കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs:അനുഷ ആത്മപ്രകാശ്*
*DEO : ഷീബ*